## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1089          14.01.2021-ൽ മറുപടിയ്ക്ക്**

### ലഹരി മാഫിയയെ അമർച്ച ചെയ്യുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ

| ചോദ്യം<br>**ശ്രീ.വി.അബ്ദുറഹിമാൻ** | ഉത്തരം<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
|---|---|
| (എ) കോവിഡ് കാലത്തും സംസ്ഥാനത്ത് സജീവമായ ലഹരി മാഫിയയെ അമർച്ച ചെയ്യുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ലഹരി മാഫിയയെ അമർച്ച ചെയ്യുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിതരണം, വിൽപ്പന എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. മയക്കു മരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ പൊതു സമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർത്ഥങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി |

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ ബോധവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ബി) ലഹരി മാഫിയയെ സംസ്ഥാനത്തു നിന്നും പൂർണ്ണമായി തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ് നാട് -കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ് തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി ലഹരി വസ്തുക്കളുടെ ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് വിദ്യാലയങ്ങൾ തുറക്കുന്ന സാഹചര്യത്തിൽ ലഹരി മാഫിയകളുടെ വലയിൽ നിന്നും കുട്ടികളെയും വിദ്യാലയങ്ങളെയും സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഓരോ എക്സൈസ് ഉദ്യോഗസ്ഥർക്ക് വീതം ചുമതല നൽകിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി ആവശ്യമായ

പ്രതിരോധ നടപടികളും നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ഓൺലൈൻ മുഖേനയും അല്ലാതെയുമായി എല്ലാ ജില്ലകളിലും ബോധവത്ക്കരണവുമായി ബന്ധപ്പെട്ട് സെമിനാറുകളും ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ